LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ, 23-9-2015-ൽ സംസ്ഥാനപോലീസ് മേധാവിക്ക് നൽകിയ കത്തിൽ അനധികൃതമായി നായ്ക്കളെ കൊല്ലുന്നതിന് പരസ്യം നൽകിയ ആൾക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 428,429 എന്നീ വകുപ്പുകൾ പ്രകാരവും, ജന്തുദ്രോഹ നിവാരണ നിയമം 1960 പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കണമെന്നും 30-6-2015-ൽ ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ അനധികൃതമായി നായ്ക്കളെ കൊല്ലുന്നത് നിലവിലെ ചട്ടങ്ങൾക്കും ബഹുമാനപ്പെട്ട സുപ്രീം കോടതി വിധികൾക്കും എതിരാകയാൽ അത്തരം പ്രവർത്തികളിൽ നിന്നും വിട്ടു നിൽക്കണമെന്നും അറിയിച്ചിരുന്നു.

(ബി) സംസ്ഥാന ജീവനക്കാർക്ക് ദോഷകരമായി ഭവിക്കുന്ന നിർദ്ദേശങ്ങൾ ഇല്ല.

(സി) മൃഗസംരക്ഷണ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ. ബി. സി) നടപ്പിലാക്കി വരുന്നു.

തെരുവുനായ്ക്കളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ

158 (166) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്രമണകാരികളായ തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിനും, മറ്റുള്ളവയെ ഷെൽട്ടർ ഹോമുകളിൽ പാർപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ ;

(ബി) ആക്രമണകാരികളായ തെരുവുനായ്ക്കളെ നശിപ്പിക്കുന്നത് സംബന്ധിച്ച ബഹു. സുപ്രീംകോടതിയുടെ വിധി എന്താണെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുബന്ധ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?